(സി) 1986-87-ലെ ബഡ്ജറ്റ് പ്രകാരം കാർഷികാദായ നികുതി ഇനത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം 21.51 കോടി രൂപയാണ്. ആകയാൽ ആനുപാതികമായി അർദ്ധ വർഷ ലക്ഷ്യം 10.755 കോടി രൂപയാണ്.

(ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.†

കേന്ദ്ര വിൽപ്പന നികുതി നിയമത്തിലുണ്ടായ ഭേദഗതിമൂലമുണ്ടായ നഷ്ടം

249 [303] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിൽപ്പന നികുതി നിയമത്തിൽ കേരളത്തിനെ ബാധിക്കുന്ന ഏതെല്ലാം ഭേദഗതികളാണ് കേന്ദ്രം നടപ്പിലാക്കിയത് ;

(ബി) ഇതുമൂലം ഒരു വർഷം സംസ്ഥാനത്തിന് വിൽപ്പന നികുതി ഇനത്തിൽ വരുന്ന നഷ്ടം എത്രയാണ് ;

(സി) 1976 മുതൽ 1986 വരെ സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന നഷ്ടം എത്രയാണ് ?

ഉത്തരം

(എ) കേന്ദ്ര വിൽപ്പനനികുതി (ഭേദഗതി) നിയമം 1976 പ്രകാരം ചില നിബന്ധനകൾക്ക് വിധേയമായി, കയറ്റുമതി ചെയ്യുകയും ഇറക്കുമതി ചെയ്യുകയും ചെയ്യുന്ന സാധനങ്ങൾക്ക് നികുതിയിൽ നിന്നും ഇളവുനൽകുകയുണ്ടായി. ഇത് കേരളത്തിന്റെ നികുതിവരുമാനത്തെ സാരമായി ബാധിക്കുകയുണ്ടായി.

(ബി) ഇതുമൂലം സംസ്ഥാനത്തിന് വർഷംതോറും ഉദ്ദേശം 26 കോടിയോളം രൂപ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) 1976 മുതൽ 1986 വരെ സംസ്ഥാനത്തിന് ഈ ഇനത്തിൽ വന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടില്ല.

വിൽപന നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക

250 [304] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ ഏപ്രിൽ ഒന്നുമുതൽ സെപ്റ്റംബർ 30 വരെ വിൽപന നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക എത്ര ;

(ബി) 1986-87-ൽ അതേ കാലയളവിൽ പ്രസ്തുത ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 195.08 കോടി രൂപ.

(ബി) 211.59 കോടി രൂപ.

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly